പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6936 — 10.07.2014 ലെ മറുപടിക്ക്

## പട്ടികജാതി - പട്ടികവർഗ്ഗ കോർപ്പറേഷൻ വഴിയുള്ള വിദ്യാഭ്യാസ വായ്പ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. എസ്. സുനിൽകുമാർ<br>ശ്രീ. കെ. അജിത്<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീ. ചിറ്റയം ഗോപകുമാർ | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) കേരള പട്ടികജാതി-പട്ടിക വർഗ്ഗ വികസന കോർപ്പറേഷനിൽ വിദ്യാഭ്യാസ വായ്പ നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ 2011-12, 2012-13, 2013-14 കാലയളവിൽ വിതരണം ചെയ്ത വിദ്യാഭ്യാസ വായ്പാ തുക എത്ര വീതം; | (എ) ഉണ്ട്; 2011-12,2012-13, 2013-14 കാലയളവിൽ വിതരണം ചെയ്ത വിദ്യാഭ്യാസ വായ്പാ തുകയുടെ വിശദ വിവരം ചുവടെ ചേർക്കുന്നു. |

| പദ്ധതി | (തുക ലക്ഷത്തിൽ) | | |
|---|---|---|---|
| | 2011-12 | 2012-13 | 2013-14 |
| വിദ്യാഭ്യാസ വായ്പ (കോർപ്പറേഷന്റെ സ്വന്തം മൂലധനം മാത്രം ഉപയോഗിച്ചുള്ളത്) | 38.80 | 31.49 | 44.53 |
| വിദേശ വിദ്യാഭ്യാസ വായ്പ (കോർപ്പറേഷന്റെ സ്വന്തം മൂലധനം മാത്രം ഉപയോഗിച്ചുള്ളത്) | 6.66 | 6.10 | 11.98 |
| വിദ്യാഭ്യാസ വായ്പ (ദേശീയ പട്ടികജാതി ധനകാര്യ വികസന കോർപ്പറേഷന്റെ പുനർ വായ്പ ഉപയോഗിച്ചുള്ളത്) | 1.55 | 0.75 | 2.52 |
| ആകെ | 47.01 | 38.34 | 59.03 |

| ചോദ്യം | മറുപടി |
|---|---|
| (ബി) വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നതിന് വരുമാന പരിധി നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര; വരുമാന പരിധിയില്ലാതെ വിദ്യാഭ്യാസ വായ്പ നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ബി) വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള വരുമാന പരിധി ചുവടെപ്പറയും പ്രകാരമാണ്. |

| പദ്ധതി | വാർഷിക കുടുംബ വരുമാന പരിധി |
|---|---|
| വിദ്യാഭ്യാസ വായ്പ (കോർപ്പറേഷന്റെ സ്വന്തം മൂലധനം മാത്രം ഉപയോഗിച്ചുള്ളത്) | 3.50 ലക്ഷം രൂപ വരെ |
| വിദേശ വിദ്യാഭ്യാസ വായ്പ (കോർപ്പറേഷന്റെ സ്വന്തം മൂലധനം മാത്രം ഉപയോഗിച്ചുള്ളത്) | 5.00 ലക്ഷം രൂപ വരെ |
| വിദ്യാഭ്യാസ വായ്പ (ദേശീയ പട്ടികജാതി ധനകാര്യ വികസന കോർപ്പറേഷന്റെ പുനർ വായ്പ ഉപയോഗിച്ചുള്ളത്) | ഗ്രാമ പ്രദേശങ്ങളിൽ 81,000/- രൂപ വരെയും നഗര പ്രദേശങ്ങളിൽ 1,03,000/-രൂപ വരെയും |

| | | | |
|---|---|---|---|
| | | | കോർപ്പറേഷന് ലഭ്യമാകുന്ന വാർഷിക മൂലധന വിഹിതം പരിമിതമായതിനാലും അപേക്ഷകരുടെ ബാഹുല്യം പരിഗണിച്ചും കോർപ്പറേഷൻ നടപ്പിലാക്കുന്ന വിദ്യാഭ്യാസ വായ്പ പദ്ധതിയുടെ വരുമാന പരിധി എടുത്തുകളയുന്നതിന് കഴിയില്ല. ദേശീയ ധനകാര്യ കോർപ്പറേഷന്റെ വായ്പയുടെ വരുമാന പരിധി നിശ്ചയിക്കുന്നത് ടി കോർപ്പറേഷൻ തന്നെയാണ്. |
| (സി) | ഇൻഡ്യയിലും വിദേശത്തും പ്രൊഫഷണൽ കോഴ്സുകൾക്ക് അനുവദിക്കുന്ന വായ്പ തുക അപര്യാപ്തമാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) | ഇല്ല. |

സെക്ഷൻ ഓഫീസർ